# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2205 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ട്രാൻസ്ജെൻഡർ നയം** | |
| ചോദ്യം | മറുപടി |
| **ശ്രീ.അബ്ദുൽ ഹമീദ് പി**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാന സർക്കാരിന്റെ ട്രാൻസ്ജെൻഡർ നയം വിശദമാക്കാമോ; | എ) G.O(Ms) No. 61/2015/SJD തീയതി: 22.09.2015 പ്രകാരം അംഗീകരിച്ച് നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ നയം, ട്രാൻസ്ജെൻഡർ വിഭാഗം നേരിടുന്ന വിവേചനം അവസാനിപ്പിച്ച് തുല്യ അവകാശങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. പ്രസ്തുത നയത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1 സമത്വത്തിനുള്ള അവകാശം<br>തുല്യമായ സാമൂഹിക – സാമ്പത്തിക അവസരങ്ങളും സേവനങ്ങളും ലഭ്യമാക്കുക. വിദ്യാഭ്യാസം, സർക്കാർ നിയമനങ്ങൾ എന്നിവയിൽ സംവരണം, ആരോഗ്യമേഖലയിൽ സേവനം ഉറപ്പാക്കൽ, തൊഴിൽ അവസരങ്ങളിൽ തുല്യ പങ്കാളിത്തം എന്നിവ ഇതിൽ പെടുന്നു.<br>2 ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം<br>സ്വയം 'സ്വത്വം' വെളിപ്പെടുത്താനും ഇഷ്ടമുള്ള വസ്ത്രങ്ങൾ ധരിക്കാനുമുള്ള അവകാശം.<br>3 ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അവകാശം<br>നിയമത്തിനു കീഴെ തുല്യ പരിചരണത്തിനുള്ള അവകാശം, സമൂഹത്തിൽ നിന്നുള്ള പീഡനങ്ങളിൽ നിന്നും |

| | |
|---|---|
| | വിമുക്തമായി ജീവിക്കാനുള്ള അവകാശം.<br>4. വികസന കാര്യങ്ങളിൽ തുല്യ ശബ്ദവും പങ്കാളിത്തവും<br>എല്ലാ വികസന പദ്ധതികളിലും പങ്കാളികളാകാനും അതിൽ നിന്നും ആനുകൂല്യം ലഭിക്കാനുമുള്ള അവകാശം, തീരുമാനങ്ങൾ കൈക്കൊള്ളുന്ന എല്ലാ വേദികളിലും തുല്യ അവകാശം. |
| ബി) സമൂഹത്തിൽ ട്രാൻസ്ജെൻഡറുകളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി സ്വത്വം വെളിപ്പെടുത്തി ട്രാൻസ്ജെൻഡറായി ജീവിക്കാൻ നിരവധിപേർ മുന്നോട്ടു വരുന്നുണ്ട്. |
| സി) ട്രാൻസ്ജെൻഡറുകാരെ സ്ത്രീയോ പുരുഷനോ ആയി കണക്കാക്കാൻ സാധിക്കുമെന്ന് പഠനങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) ലിംഗത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ വിവേചനം നടത്തരുതെന്ന ബഹു. സുപ്രീം കോടതി വിധി നിലനിൽക്കുന്നതിനാൽ സ്ത്രീയോ പുരുഷനോ ആയി കണക്കാക്കാൻ സാധിക്കുമെന്ന വിഷയത്തിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| ഡി) ലിംഗമാറ്റ ശസ്ത്രക്രിയക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ തുകയും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ; | ഡി) കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർ വ്യക്തികൾ ചിലവാക്കേണ്ടി വരുന്നുണ്ട്. പുരുഷനിൽ നിന്ന് സ്ത്രീയിലേക്കും സ്ത്രീയിൽ നിന്ന് പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ടു ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിവരുന്നത്. 15.11.2018 ലെ സ.ഉ(സാധാ)നം. 657/2018/സാനീവ |

| | |
|---|---|
| | പ്രകാരം 2018-19 സാമ്പത്തിക വർഷം പ്രാരംഭ ഘട്ടമെന്ന നിലയിൽ 10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് 2 ലക്ഷം രൂപ ക്രമത്തിൽ ആകെ 20 ലക്ഷം രൂപ വകയിരുത്തുകയും ആയത് പ്രകാരം 19 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നു. 20.05.2019 ലെ സ.ഉ(സാധാ)നം. 243/2019/സാനീവ പ്രകാരം, വിവിധ ഘട്ടങ്ങളിലായി നടക്കുന്ന SRS സർജറിയ്ക്ക് എത്ര തവണ എന്ന് കണക്കാക്കാതെ പരമാവധി 2 ലക്ഷം രൂപ വരെ നൽകാം എന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതിയ്ക്കായി 48,11,370/- രൂപ വകയിരുത്തുകയും പരമാവധി അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. ട്രാൻസ്ജെൻഡർ ഐ.ഡി കാർഡുള്ള വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയുടെ ചികിൽസാ റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം, ചെലവായ തുക സംബന്ധിച്ച ബില്ലുകളുടെ പകർപ്പുകൾ എന്നിവ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ സമർപ്പിക്കണം. ഡയറക്ടറേറ്റ് തലത്തിൽ വിദഗ്ധരുടെ ഒരു ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ധനസഹായം അർഹതാവിധേയമായി അനുവദിച്ചു വരുന്നു. |
| ഡി) ട്രാൻസ്ജെൻഡറുകാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ഹോസ്റ്റൽ സൗകര്യം നിലവിലില്ലാത്തതിനാൽ അവർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന് | ഡി) ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും, ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽ നിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിക്കുന്ന പദ്ധതി വകുപ്പ് |

| | |
|---|---|
| നിലവിൽ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ? | നടപ്പാക്കി വരുന്നു. ട്രാൻസ്ജെൻഡർ വ്യക്തിയാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതും സ്ഥാപനമേധാവി കൗണ്ടർ സൈൻ ചെയ്തിട്ടുള്ളതുമായ സർട്ടിഫിക്കറ്റ് അഥവ ഐ.ഡി കാർഡുള്ളവർക്ക് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സാക്ഷ്യപത്രം, കെട്ടിട ഉടമയുടെ സാക്ഷ്യപത്രം എന്നിവ സഹിതം നിശ്ചിത പ്രൊഫോർമയിൽ അപേക്ഷിക്കാവുന്നതാണ്. പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് വകുപ്പിൽ നിലവിൽ പദ്ധതികളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ